**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4279** **01-07-2024 - ല്‍ മറുപടിയ്ക്ക്**

**മദ്യ-ലോട്ടറി വില്‍പ്പനയിലൂടെ ലഭിച്ച വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനില്‍ കുമാര്‍** | | **ശ്രീ കെ എന്‍ ബാലഗോപാല്‍ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വര്‍ഷത്തില്‍ മദ്യ വില്‍പ്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വര്‍ഷത്തില്‍ മദ്യ വില്‍പ്പനയിലൂടെ 19088.86 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | 2023-24 സാമ്പത്തിക വര്‍ഷത്തില്‍ ലോട്ടറി വില്‍പ്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വര്‍ഷത്തില്‍ ലോട്ടറി വില്പനയിലൂടെ 12529.26 കോടിരൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (സി) | 2023-24 സാമ്പത്തിക വര്‍ഷത്തില്‍ സ്വര്‍ണ്ണ വില്പനയില്‍ നിന്നുള്ള നികുതി ഇനത്തില്‍ സര്‍ക്കാരിന് ലഭിച്ച വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (സി) | ജി.എസ്.ടി സംവിധാനത്തില്‍ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കല്‍ നിര്‍വ്വഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി റിട്ടേണ്‍ സംവിധാനത്തില്‍ ഒരു നികുതിദായകന്‍ ടിയാന്‍ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേര്‍ഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണില്‍ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകള്‍ ഒരു നികുതിദായകന്‍ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാല്‍ സ്വര്‍ണ്ണ വില്പനയിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല. ആയതിനാല്‍ സ്വര്‍ണ്ണത്തില്‍ നിന്നുള്ള വരുമാനത്തിന്റെ സ്ഥിരീകരിച്ച കണക്കുകള്‍ പ്രത്യേകമായി വകുപ്പില്‍ ലഭ്യമല്ല. |

സെക്ഷന്‍ ഓഫീസര്‍